**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **14-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുവാനും കൂടുതൽ ജനോപകാരപ്രദമായി വിപുലപ്പെടുത്തുവാനും എന്തൊക്കെ പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഇ-പോസ് മെഷീൻ ഉപയോഗിച്ച് ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെയുള്ള റേഷൻവിതരണം.<br><br>മുൻഗണനാപട്ടിക ശുദ്ധീകരിച്ച് അനർഹർ കൈവശം വച്ചിരിക്കുന്ന മുൻഗണനാകാർഡുകൾ പിടിച്ചെടുക്കാൻ ഓപ്പറേഷൻ യെല്ലോ പദ്ധതി<br><br>ഗോത്രവർഗ്ഗ മേഖലകളിലേക്ക് റേഷൻസാധനങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകടകൾ<br><br>റേഷൻകടകളെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പൊതുജനോപകാരപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായുള്ള കെ-സ്റ്റോർ പദ്ധതി<br><br>അതിദരിദ്രരെ കണ്ടെത്തി റേഷൻകാർഡ് വിതരണം ചെയ്യുന്ന പദ്ധതി<br><br>തെരുവോരത്ത് കഴിയുന്നവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് റേഷൻ കാർഡുകൾ അനുവദിക്കുന്നത്, ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകമായി റേഷൻകാർഡ് നൽകി.<br><br>വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി, 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലുകൾ |

| | | | |
|---|---|---|---|
| | | | കിടപ്പുരോഗികൾക്ക് ഓട്ടോ തൊഴിലാളികളുടെ സഹായത്തോടെ സൗജന്യമായി റേഷൻ വീട്ടിലെത്തിച്ചു നൽകുന്ന ഒപ്പം പദ്ധതി<br><br>വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വഴി കെ-റൈസ് വിതരണം<br><br>100% റേഷൻ ഗുണഭോക്താക്കളെയും ആധാറുമായി ബന്ധിപ്പിച്ചത്<br><br>ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് കേരളത്തിലെ റേഷൻകടകളിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം വാങ്ങാൻ റേഷൻ റൈറ്റ്സ് കാർഡ്<br><br>റേഷൻകട വഴി പത്തുരൂപയ്ക്ക് കുപ്പി വെള്ളം ലഭ്യമാക്കുന്ന സുജലം പദ്ധതി<br><br>പോഷകാഹാരക്കുറവ് പരിഹരിക്കുന്ന തിനായി മുൻഗണനാ വിഭാഗങ്ങൾക്കുള്ള റാഗിപ്പൊടി വിതരണം<br><br>ക്ഷേമ സ്ഥാപനങ്ങൾക്ക് റേഷൻകാർഡ് (NPI) അനുവദിച്ച് താമസക്കാരെ ഭക്ഷ്യ സുരക്ഷയുടെ പരിധിയിൽ കൊണ്ടു വന്നു.<br><br>റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള തെളിമ പദ്ധതി<br><br>എ.ടി.എം രൂപത്തിലുള്ള പി.വി.സി റേഷൻ കാർഡ് വിതരണം<br><br>പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നിവ കൊണ്ട് സമ്പുഷ്ടീകരിച്ച അരി വിതരണം (Rice Fortification) |

സെക്ഷൻ ഓഫീസർ